നൈപുണ്യം സമ്മിറ്റ്-2014

260 (968) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ നൈപുണ്യം സമ്മിറ്റ് - 14 സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ പുതുതായി ആരംഭിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പരിപാടിയിൽ പരിഗണിക്കുന്നതിലേക്കായി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽനിന്നും അപേക്ഷ ലഭിച്ചിരുന്നുവോ ; എങ്കിൽ അപേക്ഷ പരിഗണിച്ച് എന്തെങ്കിലും മേൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), കുശലകേന്ദ്ര-കമ്മ്യൂണിറ്റി സ്കിൽസ് പാർക്ക് (KK-CSP) എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.

(ബി) നൈപുണ്യം സമ്മിറ്റ്-14-ൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ അനുയോജ്യമായ പദ്ധതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

മിഷൻ 676-സ്കിൽ ഡവലപ്പ്മെന്റ് പദ്ധതികൾ

261 (969) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി സ്കിൽ ഡവലപ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് എംപ്ലോയബിലിറ്റി സെന്ററുകൾ എന്ന തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം പ്രവർത്തിക്കുന്നുണ്ട്. ക്രമേണ ഇത് മറ്റ് ജില്ലകളിലും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യാവസായിക പരിശീലന വകുപ്പ്:

1. ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനുമായി നോഡൽ ഓഫീസറെ നിയമിച്ചു.

2. പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നതിന് എല്ലാ പ്രിൻസിപ്പൽമാർക്കും അനുമതി നൽകിയിട്ടുണ്ട്.

3. കേരള സ്റ്റേറ്റ് വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (റെഗുലേഷൻ) ബിൽ-2014 സർക്കാരിന്റെ പരിഗണനയിലാണ്.

4. റസിഡൻഷ്യൽ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനായി ഈ വർഷം ഒരു കോടി രൂപ വകയിരുത്തി.

5. ഡിജിറ്റൽ ഫയൽ ഫ്ലോ സിസ്റ്റം ഭാഗികമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നു.

6. ഐ.ടി.ഒ.ടി. ആരംഭിക്കുന്നതിനുള്ള ശിപാർശ നൽകിയിരുന്നു എങ്കിലും ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ആയത് പരിഗണിച്ചില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് :

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (ഐ.ഐ.ഐ.സി.)സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. നഴ്സിംഗ്, ഓയിൽ ആന്റ് റിഗ്, സെക്യൂരിറ്റി സ്കിൽസ് എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സ്വകാര്യ പങ്കാളിയെ കണ്ടെത്തി ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും രണ്ടാം ഘട്ടത്തിൽ പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. 'ഓട്ടോമോട്ടീവ് സ്കിൽസ് അക്കാദമി, ഹൈടെക്ക് ഓട്ടോമേഷൻ ആന്റ് മെക്കാട്രോണിക്സ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ഡി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് :

എംപ്ലോയബിലിറ്റി സെന്ററുകൾ വകുപ്പിൽ നടപ്പാക്കിയ പദ്ധതിയാണ്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിർമ്മിതി കേന്ദ്രം മുഖേന നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുകയും എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥർത്ഥികൾക്ക് നൈപുണ്യ വികസനത്തിനാവശ്യമായ പരിശീലനം നൽകാനും അവരെ തൊഴിലിന് പ്രാപ്തരാക്കാനും സ്വകാര്യ മേഖലയിൽ അവർക്ക് തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വ്യാവസായിക പരിശീലന വകുപ്പ് :

1. പോഷകാഹാര പദ്ധതി ഐ.ടി.ഐ.-കളിൽ ആരംഭിച്ചു.

2. ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

3. റസിഡൻഷ്യൽ ഐ.ടി.ഐ. കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിനുള്ള സ്ഥലം വകുപ്പിന് കൈമാറുന്നതിനുള്ള നടപടി ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

4. കേരള സ്റ്റേറ്റ് വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (റെഗുലേഷൻ) ബിൽ 2014 സർക്കാരിന്റെ പരിഗണനയിലാണ്.

5. ഡിജിറ്റൽ ഫയൽ ഫ്ലോ സിസ്റ്റം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ടി.എസ്.പി.-കളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി വർക്ക് ഓർഡർ നൽകുവാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

6. ഐ.ടി.ഒ.ടി. ആരംഭിക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും ന്യൂഡൽഹിയിലെ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ആയത് പരിഗണിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയില്ല.

ബിവറേജസ് ഔട്ട്ലെറ്റുകൾ പൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി

262 (970) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന ബാറുകളും ബിവറേജസ് ഔട്ട്ലെറ്റുകളും അടച്ചിട്ടിരിക്കുക വഴി സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെട്ടവരുടെ കണക്കുകൾ തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത രീതിയിൽ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ബാറുകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ കേരള അബ്ക്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 365 തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	23
2	കൊല്ലം	18

LIBRARY ARCHIVES Kerala Legislative Assembly